(ബി) പ്രസ്തുത സ്മാരകത്തിന് വട്ടിയൂർക്കാവ് സമ്മേളനത്തിന്റെ സംഘാടകനും അദ്ധ്യക്ഷനുമായിരുന്ന എ. കുഞ്ഞൻനാടാരുടെ പേര് നൽകണമെന്നും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്ത പ്രമുഖ സ്വാതന്ത്ര്യ സമര സേനാനികളുടെ പേരുകൾ ഉൾക്കൊള്ളുന്ന സ്മാരക ഫലകം അവിടെ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത നിവേദനം സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വട്ടിയൂർക്കാവിൽ നിർമ്മാണം പൂർത്തിയാക്കിയ സ്വാതന്ത്ര്യസമര സ്മാരകം 2-7-2015-ൽ പൊതുജനങ്ങൾക്ക് സമർപ്പിച്ചിട്ടുണ്ട്. സ്മാരകത്തിലേയ്ക്കുള്ള പ്രവേശനം സൗജന്യമാണ്.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

കുഞ്ഞുണ്ണിമാസ്റ്റർ സ്മാരക നിർമ്മാണം

74 (1545) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാരക നിർമ്മാണത്തിന് തടസ്സമായി നില്ക്കുന്ന സാഹചര്യങ്ങൾ വിശദമാക്കുമോ;

(സി) നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കുഞ്ഞുണ്ണിമാസ്റ്ററുടെ കുടുംബം കേരള സാഹിത്യ അക്കാദമിക്ക് വിട്ടുനൽകിയ ഭൂമിയിൽ കവിയുടെ സ്മാരകം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കേരള സാഹിത്യ അക്കാദമിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്മാരകത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയതായി അക്കാദമി അറിയിച്ചിട്ടുണ്ട്.

(സി) സ്മാരക നിർമ്മാണം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly